**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3556** **17.12.2015-ൽ മറുപടിക്ക്**

**കെ.എസ്.ആർ.ടി.സി ഡ്രൈവർമാരുടെ നിയമനം**

| **ചോദ്യം**<br>ശ്രീ. റ്റി.യു. കുരുവിള : | **ഉത്തരം**<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | പി.എസ്.സി യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കെ.എസ്.ആർ.ടി.സി ഡ്രൈവർമാരുടെ ഒഴിവുകളുടെ എണ്ണം എത്രയാണെന്നും മുഴുവൻ ഒഴിവുകളിലേക്കും അഡ്വൈസ് അയച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങളും വിശദമാക്കുമോ ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ഡ്രൈവർമാരുടെ 101 എൻ.ജെ.ഡി ഒഴിവുകൾ 24.09.2013-ലും, 285 പുതിയ ഒഴിവുകൾ 01.09.2014-ലും, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം 2455 ഒഴിവുകൾ 06.08.2015-ലും കേരളാ പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സിയിലെ റിസർവ്വ് ഡ്രൈവർ തസ്തികയ്ക്കായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 26.02.2013-ൽ തയ്യാറാക്കിയ 3974 ഒഴിവുകളിലേക്കുള്ള റൊട്ടേഷൻ റാങ്ക് ലിസ്റ്റിലെ മാറ്റങ്ങൾക്കനുസരിച്ച് റിവൈസ് ചെയ്ത് ശരിയായ എൻ.ജെ.ഡി ടേണുകൾ കണ്ടെത്തിയശേഷം നിയമന ശിപാർശ തുടർന്നാൽ മതിയെന്നുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉത്തരവനുസരിച്ച് 3974 ഒഴിവുകളിലേക്ക് മുൻപ് തയ്യാറാക്കിയ റൊട്ടേഷൻ റിവൈസ് ചെയ്ത് 03.10.2015-ൽ അംഗീകരിക്കുകയും ആയതിന്റെ നിയമന ശിപാർശാ പരിശോധന 12.11.2015-ൽ പൂർത്തിയാക്കുകയും ചെയ്തു. റിവൈസ്ഡ് റൊട്ടേഷൻ പ്രകാരം ശരിയായ എൻ.ജെ.ഡി ടേണുകളിൽ പകരക്കാരെ ടി 101 എൻ.ജെ.ഡി ഒഴിവുകളിലേക്കും 285 പുതിയ ഒഴിവുകളിലേക്കും |
| (ബി) | പ്രസ്തുത ഉദ്യോഗാർത്ഥികളുടെ പ്രായം അധികരിച്ചത് പരിഗണിച്ച് അടിയന്തിരമായി ഇവർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നിയമന ശിപാർശ തയ്യാറാക്കുന്ന ജോലികൾ അന്തിമഘട്ടത്തിലാണ്.<br>ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട 2455 ഒഴിവുകളിലേക്ക് തുടർ ഉത്തരവ് വരുന്നതു വരെ നിയമന ശിപാർശ ചെയ്യരുതെന്ന് ബഹു. കോടതിയുടെ നിർദ്ദേശമുണ്ട്.<br>നിലവിലുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ